# പതിനാലാം കേരള നിയമസഭ
## പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത നിയമസഭാചോദ്യം നം. 4224 — 25.6.2018 -ൽ മറുപടിക്ക്

## കരിയർ ഡെവലപ്പ്മെന്റ് സെന്റർ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.എം.ഉമ്മർ | ശ്രീ. ടി.പി. രാമകൃഷ്ണൻ<br>(തൊഴിലും എക് സൈസും വകുപ്പ് മന്ത്രി) |
| (എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം സർക്കാരിതര സ്ഥാപനങ്ങളിലെ തൊഴിൽ മേഖലയിൽ എന്തെല്ലാം പുതിയ പദ്ധതികളാണ് ആവിഷ്ക്കരിച്ച് നടപ്പിലാക്കിയത്; വിശദമാക്കാമോ | (എ) സർക്കാരിതര സ്ഥാപനങ്ങളിലെ 23 തൊഴിൽ മേഖലകളിൽ മിനിമം വേതനം പുതുക്കി നിശ്ചയിച്ചിട്ടുണ്ട്. മിനിമം വേതനം ഉറപ്പു വരുത്തുന്നതിനും, വേതന വിതരണത്തിൽ സുതാര്യത കൈവരിക്കുന്നതിനും, വേതന സുരക്ഷാ പദ്ധതി സംസ്ഥാന വ്യാപകമായി നടപ്പിൽ വരുത്തിയിട്ടുണ്ട്. സ്വകാര്യ സ്ഥാപനങ്ങളെ തൊഴിൽ നിയമങ്ങളുടെ പാലനം, പ്രവർത്തന മികവ് എന്നിവയുടെ അടിസ്ഥാനത്തിൽ ഗ്രേഡ് ചെയ്ത് നിലവാരം നിശ്ചയിക്കുന്നതിന് പുതിയ പദ്ധതിയായ 'ഗ്രേഡിംഗ്' സംവിധാനം നടപ്പാക്കിയിട്ടുണ്ട്. വിവിധ ക്ഷേമനിധി ബോർഡുകൾ മുഖേന തൊഴിലാളികൾക്ക് വിതരണം ചെയ്തു വരുന്ന ആനുകൂല്യങ്ങൾ വർദ്ധിപ്പിച്ചിട്ടുണ്ട്. വിവിധ മേഖലകളിൽ മികവ് പുലർത്തുന്ന തൊഴിലാളികളെ കണ്ടെത്തി 'തൊഴിലാളി ശ്രേഷ്ഠ' അവാർഡ് നൽകുന്നതിനുള്ള പുതിയ പദ്ധതി ആവിഷ്ക്കരിച്ച് നടപ്പിലാക്കാൻ തീരുമാനമെടുത്തിട്ടുണ്ട്. |
| (ബി) നാഷണൽ എംപ്ലോയ്മെന്റ് സർവ്വീസ് വകുപ്പ് മുഖേന, കരിയർ ഡെവലപ്പ്മെന്റ് സെന്റർ എന്ന നൂതന പദ്ധതിയിലൂടെ എന്തെല്ലാം നേട്ടങ്ങൾ കൈവരിക്കാൻ സാധിച്ചു എന്നറിയിക്കാമോ; | (ബി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം നാഷണൽ എംപ്ലോയ്മെന്റ് സർവീസ് വകുപ്പ് നടപ്പാക്കി വരുന്ന കരിയർ ഡെവലപ്പ്മെന്റ് സെന്റർ പദ്ധതിയുടെ ഭാഗമായി കോഴിക്കോട് ജില്ലയിലെ പേരാമ്പ്രയിലും, പാലക്കാട് ജില്ലയിലെ ചിറ്റൂരിലും, തിരുവനന്തപുരം ജില്ലയിലെ നെയ്യാറ്റിൻകരയിലും കരിയർ ഡെവലപ്പ്മെന്റ് സെന്ററുകൾ |

ആരംഭിച്ചിട്ടുണ്ട്. പേരാമ്പ്രയിൽ 2436 ഉം ചിറ്റൂരിൽ 2346 ഉം നെയ്യാറ്റിൻകരയിൽ 242 ഉം ഉദ്യോഗാർത്ഥികൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്. വിവിധ മത്സര പരീക്ഷ പരിശീലന പരിപാടികൾ, കരിയർ ഗൈഡൻസ്/ കൗൺസിലിംഗ്, പ്രീ-ഇന്റർവ്യൂ പരിശീലനം, മൃദു നൈപുണ്യ പരിശീലനങ്ങൾ, കരിയർ കൗൺസിലിംഗ്, മോട്ടിവേഷൻ പ്രോഗ്രാമുകൾ, സംരംഭകത്വ പരിപാടികൾ, ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ പ്രവേശനം ലഭിക്കുന്നതിനുള്ള പരിശീലന പരിപാടികൾ തുടങ്ങിയ കരിയർ വികസന പരിപാടികളിലൂടെ ഉദ്യോഗാർത്ഥികളിൽ പ്രൊഫഷണൽ മികവ് ഉയർത്തി മികച്ച തൊഴിൽ ലഭിക്കുന്നതിന് അവരെ പ്രാപ്തരാക്കി വരുന്നുണ്ട്.

പേരാമ്പ്ര കരിയർ ഡെവലപ്പ്മെന്റ് സെന്ററിൽ നടത്തിയ പി.എസ്.സി പരീക്ഷ പരിശീലനങ്ങളിൽ പങ്കെടുത്ത ഉദ്യോഗാർത്ഥികളിൽ 7 പേർ എൽ.ഡി.സി റാങ്ക് ലിസ്റ്റിലും, 37 പേർ ലാസ്റ്റ് ഗ്രേഡ് റാങ്ക് ലിസ്റ്റിലും ഉൾപ്പെട്ടിട്ടുണ്ട്. കൂടാതെ കരിയർ ഡെവലപ്പ്മെന്റ് സെന്ററിന്റെ ഗൈഡൻസ്, കൗൺസിലിങ് പരിപാടികളിൽ പങ്കെടുത്ത ഉദ്യോഗാർത്ഥികളിൽ 10 പേർക്ക് രാജ്യത്തെ വിവിധ ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ പ്രവേശനം ലഭിച്ചിട്ടുണ്ട്. ചിറ്റൂർ കരിയർ ഡെവലപ്പ്മെന്റ് സെന്ററിൽ നടത്തിയ മിനി ജോബ് ഫെയറിൽ പങ്കെടുത്ത ഉദ്യോഗാർത്ഥികളിൽ 26 പേർക്ക് സെലക്ഷൻ ലഭിക്കുകയും നെറ്റ് പരീക്ഷ പരിശീലന പരിപാടിയിൽ പങ്കെടുത്ത 50 ഉദ്യോഗാർത്ഥികളിൽ 7 പേർ വിജയിക്കുകയും ചെയ്തിട്ടുണ്ട്.

(സി) ഇത്തരം സെന്ററുകൾ സംസ്ഥാന വ്യാപകമാക്കുന്നതിനായി എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട് എന്ന് വ്യക്തമാക്കാമോ ?

(സി) തുടക്കമെന്ന നിലയിൽ ഓരോ ജില്ലയിലും ഓരോ കരിയർ ഡെവലപ്പ്മെന്റ് സെന്ററുകൾ വീതം ആരംഭിക്കുവാനാണ് തത്വത്തിൽ തീരുമാനിച്ചിട്ടുള്ളത്. അത് പ്രകാരം നിലവിൽ തിരുവനന്തപുരം ജില്ലയിലെ നെയ്യാറ്റിൻകരയിലും, പാലക്കാട് ജില്ലയിലെ ചിറ്റൂരിലും, കോഴിക്കോട് ജില്ലയിലെ പേരാമ്പ്രയിലും കരിയർ ഡെവലപ്പ്മെന്റ് സെന്ററുകൾ ആരംഭിച്ചിട്ടുണ്ട്. 2018-19 സാമ്പത്തിക വർഷം കായംകുളം, തൃപ്പൂണിത്തുറ എന്നീ ടൗൺ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളോടൊപ്പം കരിയർ ഡെവലപ്പ്മെന്റ് സെന്ററുകൾ ആരംഭിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്. സ്ഥലത്തിന്റെയും ഫണ്ടിന്റെയും ലഭ്യതയനുസരിച്ച് വരും വർഷങ്ങളിൽ സംസ്ഥാനത്തെ മുഴുവൻ ജില്ലകളിലും കരിയർ ഡെവലപ്പ്മെന്റ് സെന്ററുകൾ ആരംഭിക്കുന്നതാണ്..

സെക്ഷൻ ഓഫീസർ